# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.30.10.2019

### വനം വകുപ്പിന്റെ മലയാള ദിനാചരണം

വനം-വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നവംബർ ഒന്നിന് മലയാള ദിനാഘോഷം നടക്കും. വനശ്രീ ആഡിറ്റോറിയത്തിൽ രാവിലെ 10.30 ന് ചേരുന്ന ചടങ്ങിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി. കാർത്തികേയൻ നായർ ദിനാഘോഷം ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലിന് അർഹരായവർക്കുള്ള ക്യാഷ് അവാർഡ് ദാനം, മലയാള ഭാഷാഘോഷത്തിന്റെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം എന്നിവയും ഇതോടനുബന്ധിച്ച് നടക്കും. ചടങ്ങിൽ മുഖ്യ വനം മേധാവി പി.കെ. കേശവൻ സ്വാഗതമാശംസിക്കുകയും ഭരണഭാഷാ പ്രതിജ്ഞ ചൊല്ലികൊടുക്കുകയും ചെയ്യും. ചീഫ് വൈൽഡ്ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡി.കെ. വർമ്മ, എ.പി.സി.സി.എഫ്. ഇ. പ്രദീപ്കുമാർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ പി. പുകഴേന്തി, ഫണീന്ദ്രകുമാർ റാവു, പത്മാമൊഹന്തി, ഫോറസ്റ്റ് കൺസർവേറ്റർ കെ. അനൂപ് എന്നിവർ ആശംസകൾ അർപ്പിക്കും. ഫോറസ്റ്റ് കൺസർവേറ്റർ ഡി.കെ. വിനോദ്കുമാർ ചടങ്ങിന് നന്ദി പറയും.

30/10/19

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ